**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *237** 06.02.2018- ൽ മറുപടിക്ക്

## മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് നിയമ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.കെ.ബഷീർ<br>,, കെ.എൻ.എ ഖാദർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) മിനിമം വേതനം നടപ്പാക്കാത്ത മേഖലകളിൽ ന്യായമായ വേതനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) മിനിമം വേതനം നടപ്പാക്കാത്ത മേഖലകളിൽ ഒരു അടിസ്ഥാന വേതനം നടപ്പിലാക്കുന്നതിനുള്ള കേവല വേതന നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധനയിലാണ്. |
| (ബി) മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് സഹായകരമായ നിയമ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടാത്ത മേഖലകളെ ഘട്ടംഘട്ടമായി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന് കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലാളികളുടെ ക്ഷേമത്തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി തൊഴിൽവകുപ്പിന് കീഴിലെ 16 ക്ഷേമനിധി ബോർഡുകളിലായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.